കയർ ഉൽപ്പാദനം

39 (1380)ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-ൽ സംസ്ഥാനത്ത് എന്ത് തുകയ്ക്കുള്ള കയറും കയർ ഉൽപ്പന്നങ്ങളും ഉൽപാദിപ്പിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ വർഷാവസാനം വിറ്റഴിയാതെ ബാക്കിയായത് എത്ര എന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) 1999 വർഷം സംസ്ഥാനത്ത് സഹകരണ മേഖലയിൽ 36.54 കോടിയോളം രൂപയുടെ കയറും കയറുൽപ്പന്നങ്ങളുമാണ് ഉൽപാദിപ്പിച്ചത്.

(ബി) വർഷാവസാനം 7 കോടിയോളം രൂപയുടെ കയറും കയറുൽപ്പന്നങ്ങളുമാണ് വിറ്റഴിയാതെ ബാക്കിയുള്ളത്.

സ്വകാര്യ ടെക്സ്റ്റൈൽ മില്ലുകൾ

40 (1383)ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. പി.ജെ. ജോയി .
ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്വകാര്യ ടെക്സ്റ്റൈൽ മില്ലുകൾ ഉണ്ട്;

(ബി) ഇവ നേരിടുന്ന വിഷമതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ പ്രശ്നങ്ങൾക്ക് എപ്രകാരം പരിഹാരം കാണാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 16 എണ്ണം

(ബി) തുണി വ്യവസായത്തിൽ കഴിഞ്ഞ രണ്ടര വർഷമായി അനുഭവപ്പെട്ടുവരുന്ന പൊതു മാന്ദ്യത്തിന്റെയും നവീകരണത്തിന്റെ കുറവിനാലുള്ള ഉൽപ്പാദന ചെലവുകളുടെ വർദ്ധനമൂലവും, ഗുണമേന്മകളുടെ കുറവിനാലും സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം നഷ്ടത്തിലാണ്. ഇപ്രകാരം നഷ്ടത്തിലുള്ള പ്രവർത്തനഫലമായി ഈ മില്ലുകളിൽ ആവശ്യമായ പ്രവർത്തന മൂലധനത്തിന്റെയും നവീകരണ-വികസന പ്രവർത്തനങ്ങൾക്കു വേണ്ട ധനലഭ്യതയുടെയും കുറവ് സാരമായി അനുഭവപ്പെടുന്നു.

(സി) യന്ത്രസാമഗ്രികളുടെ സമഗ്രമായ നവീകരണത്തിലൂടെയും തൊഴിലാളികളുടെ ഉൽപ്പാദനക്ഷമത വർദ്ധനവിലൂടെയും ഈ സ്പിന്നിംഗ് മില്ലുകളുടെ ഉൽപാദന ചെലവുകളും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും ഈ വ്യവസായത്തിലെ മുൻനിരക്കാരോടൊപ്പമാക്കിയാൽ മാത്രമേ മാറിയ വാണിജ്യ സാഹചര്യങ്ങളിൽ ഇവയുടെ പ്രവർത്തനം ലാഭകരമാക്കാനാവുക

LIBRARY ARCHIVES Kerala Legislative Assembly

യുള്ളൂ. കേന്ദ്രഗവൺമെന്റ് രൂപം നൽകിയിട്ടുള്ള 5% പലിശയിളവുള്ള ദീർഘ കാല വായ്പകൾ ഉപയോഗിച്ച് (ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ടിൽ നിന്നും) മേൽപ്പറഞ്ഞ തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുകവഴി സ്വകാര്യ മില്ലുകൾക്ക് അവയുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്നതാണ്. ഇതു സംബന്ധിച്ച പ്രശ്നങ്ങൾ പഠിക്കാൻ ഒരു വിദഗ്ദ്ധ സമിതിയെ നിയമിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചാൽ അതിനനുസൃതമായി നടപടികളെടുക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

അനാഥാലയങ്ങളിലെ വിദ്യാഭ്യാസം പൂർത്തിയാക്കിയവർക്ക് തൊഴിൽ പരിശീലനം

41 (1384)ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാഥാലയങ്ങളിൽ നിന്ന് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയവർക്ക് സാങ്കേതിക തൊഴിൽ പരിശീലന കോഴ്സുകളിൽ പഠിക്കുവാനാവശ്യമായ സാമ്പത്തിക സഹായം നൽകുവാനുള്ള എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അത്തരം പുനരധിവാസ പദ്ധതികൾ ആവിഷ്ക്കരിക്കുമോ?

ഉത്തരം

(എ)&(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

അനാഥർക്കും വൃദ്ധർക്കും സംരക്ഷണ കേന്ദ്രങ്ങൾ

42 (1385)ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാഥരേയും വൃദ്ധരേയും സംരക്ഷിക്കുന്നതിനുവേണ്ടി സർക്കാർ സംരക്ഷണ കേന്ദ്രങ്ങൾ തുറന്നിട്ടുണ്ടോ; എങ്കിൽ എവിടെ എല്ലാം;

(ബി) മതസ്ഥാപനങ്ങൾ നടത്തുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് ഗവൺമെന്റിൽ നിന്നും സഹായം നൽകുന്നുണ്ടോ; എങ്കിൽ എത്ര, എന്ത് മാനദണ്ഡമനുസരിച്ച്;

(സി) സഹായം ഏത് തോതിലാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പത്തനംതിട്ട ജില്ല ഒഴികെ മറ്റെല്ലാ ജില്ലകളിലും സർക്കാർ വൃദ്ധസദനങ്ങൾ തുറന്ന് പ്രവർത്തിക്കുന്നുണ്ട്.

(ബി)&(സി) ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തതും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്നതുമായ സന്നദ്ധ സംഘടനകൾക്ക് സർക്കാർ ഗ്രാന്റ് നൽകുന്ന

LIBRARY ARCHIVES Kerala Legislative Assembly